9) കുത്തിയതോട് കനാൽ ടൂർ,

155 (2470) കോവളം ബീച്ചിലെ ലൈഫ്ഗാർഡുകളെയും സൂപ്പർവൈസർമാരെയും സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികൾക്ക് കോവളം ആവാടുതുറ ബീച്ചിൽ നേരിട്ടുകൊണ്ടിരുന്ന അപകട മരണങ്ങൾ നിയന്ത്രിക്കുന്നതിന് ലൈഫ് ഗാർഡുകളെയും സൂപ്പർവൈസർമാരെയും നിയമിച്ചത് എന്നു മുതൽക്കാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്രപേരെ ലൈഫ്ഗാർഡുകളായും സൂപ്പർവൈസർമാരായും ഇവിടെ നിയമിച്ചു; ഇവരുടെ നിയമനരീതിയും വ്യവസ്ഥയും എന്തായിരുന്നു; ഇപ്പോൾ എത്രപേരെ ഇവിടെ ഈ ജോലിയിലേർപ്പെട്ടിരിക്കുന്നു;

(സി) ഇവരെ നിയമിച്ചശേഷം അപകടമരണങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇവരെ നിയമിച്ചശേഷം എത്ര അപകടമരണങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്;

(ഡി) അപകടമരണങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ദീർഘകാലമായി ഈ ജോലിയിലേർപ്പെട്ടിരിക്കുന്ന ലൈഫ് ഗാർഡുകളേയും സൂപ്പർവൈസർമാരേയും മാനുഷിക പരിഗണന നൽകി ഈ ജോലിയിൽ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 1986-87 ൽ ഈ സർവ്വീസ് ആരംഭിച്ചു.

(ബി) ടൂറിസം വകുപ്പിന്റെ കീഴിൽ മൊത്തം 43 ലൈഫ്ഗാർഡുകൾ കോവളം, വർക്കല, വേളി, ശംഖുമുഖം തുടങ്ങിയ ബീച്ചുകളിൽ ജോലിനോക്കുന്നു. ഇവരെ ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്.

(സി) അപകടമരണങ്ങൾ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. ഒരു അപകടമരണം മാത്രമാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ഡി) ഈ വിഷയം ഇപ്പോൾ ബഹു. കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

156 (2471) കോഴിക്കോട് ജില്ലയിൽ വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായുള്ള വികസന പദ്ധതികൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എന്തെല്ലാം വികസന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം വികസനത്തിന്റെ ഭാഗമായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly